Ksmart

തീയതി : 22-08-2026
നമ്പർ : 22/2026

# തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ

## കൗൺസിൽ മീറ്റിംഗ് നോട്ടീസ്

മാന്യരേ,

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷന്റെ ഒരു അടിയന്തിര യോഗം 2026 ഓഗസ്റ്റ് മാസം 24-ാം തീയതി തിങ്കളാഴ്ച 03:00 PM-ന് മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിൽ ഹാളിൽ ചേരുന്നതാണ്. യോഗത്തിന്റെ അജണ്ട താഴെ ചേർക്കുന്നു. യോഗത്തിൽ എല്ലാ കൗൺസിലർമാരും പങ്കെടുക്കേണ്ടതാണ്.

Dr Niji Justin
Mayor

## അജണ്ട

## വിഷയങ്ങൾ

1. **വിഷയം (ഫയൽ നമ്പർ - 6555169-2026)**

തൃശ്ശൂർ കോർപ്പറേഷൻ - ആരോഗ്യ വിഭാഗം - പി.എച്ച് 6 - താല്ക്കാലിക ശുചീകരണ തൊഴിലാളികളായി സേവനമനുഷ്ഠിച്ചിരുന്ന ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി അനുവദിക്കുന്നത്-സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ കോർപ്പറേഷനിലെ ആരോഗ്യ വിഭാഗത്തിൽ പാർട്ട് ടൈം കണ്ടിജന്റ് അടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചിരുന്ന 15 ജീവനക്കാർ Payment of Gratuity Act 1972-ലെ സെക്ഷൻ 7 പ്രകാരം Controlling Authority-യ്ക്ക് മുമ്പാകെ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ 17/08/2023-ലെ Common Order പ്രകാരം ഗ്രാറ്റുവിറ്റി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കോർപ്പറേഷൻ കൗൺസിലിന്റെ 22/06/2023 ലെ 62-ാമത് തീരുമാനം പ്രകാരവും, Controlling Authority-യ്ക്ക് മുമ്പാകെ സമർപ്പിച്ച കൗണ്ടർ സത്യവാങ്മൂലത്തിലും കോർപ്പറേഷൻ ഗ്രാറ്റുവിറ്റി നൽകുന്നതിന് അന്തർലീനമായ സമ്മതം രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് എതിർകക്ഷികൾ Contempt Petition ഫയൽ ചെയ്ത സാഹചര്യത്തിൽ, Revenue Recovery നടപടികളെ ചോദ്യം ചെയ്ത് കോർപ്പറേഷൻ ബഹു.ഹൈക്കോടതിയിൽ റിട്ട് ഹർജി ഫയൽ ചെയ്തെങ്കിലും 25/06/2025-ലെ വിധിയിൽ അത് തള്ളപ്പെടുകയുണ്ടായി. ഗ്രാറ്റുവിറ്റി ആക്ട് പ്രകാരമുള്ള 120 ദിവസത്തെ നിയമപരമായ കാലാവധി അതിക്രമിച്ചതിനാൽ റീജണൽ ജോയിന്റ് ലേബർ കമ്മീഷണർ,

എറണാകുളം അപ്പീൽ സ്വീകരിക്കാൻ വിസമ്മതിച്ച സാഹചര്യത്തിൽ, കോർപ്പറേഷൻ WP(C) 41900/2025 നമ്പറായി ബഹു.ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. പ്രസ്തുത റിട്ട് 20/11/2025-ന് പരിഗണിച്ചപ്പോൾ, റിക്കവറിക്കുള്ള നിർബന്ധിത നടപടികൾക്ക് 16/07/2026 വരെ സ്റ്റേ അനുവദിച്ചുകൊണ്ട് ബഹു.ഹൈക്കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഹർജിയുടെ വാദം കേൾക്കുന്ന സമയത്ത്, എതിർകക്ഷികൾ ഗ്രാറ്റുവിറ്റിക്ക് അർഹരല്ല എന്ന കോർപ്പറേഷന്റെ പ്രധാന വാദം ബഹു.ഹൈക്കോടതി വിശദമായി പരിശോധിച്ചു. 17/08/2023-ലെ Controlling Authority-യുടെ Common Order-ൽ കോർപ്പറേഷൻ നടത്തിയ സമ്മതവും, നിശ്ചിത സമയപരിധിക്കുള്ളിൽ അപ്പീൽ സമർപ്പിക്കാതിരുന്നതും കോടതി എടുത്തു പറഞ്ഞു. ആയതിനാൽ 17/08/2023-ലെ ഉത്തരവിനെ സമയത്ത് ചോദ്യം ചെയ്യാതിരുന്നത് റിട്ട് ഹർജി തള്ളാനുള്ള പ്രധാന കാരണമല്ലെങ്കിലും, കോർപ്പറേഷൻ Controlling Authority-യ്ക്ക് മുമ്പാകെ ഫയൽ ചെയ്ത കൗണ്ടറിലെ സമ്മതമാണ് അപ്പീൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് പ്രധാന തടസ്സമായി നിലനിൽക്കുന്നതെന്ന് ബഹു.ഹൈക്കോടതി നിരീക്ഷിച്ചു. കൂടാതെ "ഈ വിധി, ഇതേപോലെയുള്ള മറ്റ് വ്യക്തികൾക്കും ഗ്രാറ്റുവിറ്റി അർഹതയുണ്ടെന്ന് കണ്ടെത്തലായി കണക്കാക്കരുത്" എന്ന് വിധിയിൽ വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. മേൽപറഞ്ഞ സാഹചര്യങ്ങൾ വിലയിരുത്തുമ്പോൾ 16/07/2026-ലെ WP(C)41900/2025-ലെ വിധിക്കെതിരെ അപ്പീൽ പോകുന്നതിന് നിയമപരമായ സാധ്യതയില്ല എന്നതാണ് വിധി സംബന്ധിച്ച നിയമോപദേശം. ശ്രീമതി.വിശാലാക്ഷി.പി.വി എന്നവർക്ക് ഒഴികെയുള്ള 14 പേർക്കുമായി ആകെ 1,15,73,400/- (ഒരു കോടി പതിനഞ്ചു ലക്ഷത്തി എഴുപത്തി മൂവായിരത്തി നാനൂറ് രൂപ ) രൂപയാണ് അനുവദിക്കേണ്ടിയിരുന്നത്. പ്രസ്തുത തുകയുടെ 20 % തുകയായ 23,14,680/-രൂപക്കുള്ള 14 പേരിലുള്ള DD എടുത്ത് ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ ഓഫീസിൽ നല്കിയിട്ടുള്ളതും, ബഹു.ഹൈക്കോടതി നിർദേശ പ്രകാരം പ്രസ്തുത തുക 14 പേർക്കും അനുവദിച്ച് നല്കിയിട്ടുള്ളതുമാണ്. ബാക്കിയുള്ള 80 % തുകയായ 92,58,720/- രൂപയാണ് ഇനി 14 പേർക്കുമായി അനുവദിക്കേണ്ടത്.

കേസിൽ പിന്നീട് കക്ഷി ചേർന്ന ശ്രീമതി.വിശാലാക്ഷി.പി.വി എന്നവർക്ക് -20 % തുകയായ 93,288/- രൂപ അടവാക്കുന്നതിന് ബന്ധപ്പെട്ട ലേബർ ഓഫീസിൽ നിന്നും കത്ത് ലഭ്യമായിട്ടുണ്ട് എങ്കിലും അടവാക്കിയിട്ടില്ല. ആയതിനാൽ ടിയാൾക്ക് 100% തുകയായ 4,66,440/- രൂപ അനുവദിക്കേണ്ടതുണ്ട്. ശ്രീമതി.വിശാലാക്ഷി.പി.വി എന്നവർക്ക് നൽകേണ്ട 100% തുകയായ 4,66,440/- രൂപയും, 14 പേർക്ക് നൽകേണ്ട 80 % തുകയായ 92,58,720/- രൂപയും അടക്കം **ആകെ 15 പേർക്കുമായി 97,25,160/-** രൂപയാണ് ഇനി അനുവദിക്കാനുള്ളത്. ആയതിനാൽ ആകെ 15 പേർക്ക് 97,25,160/- (തൊണ്ണൂറ്റിയേഴ് ലക്ഷത്തി ഇരുപത്തയ്യായിരത്തി നൂറ്റി അറുപത് രൂപ മാത്രം ) അനുവദിക്കുന്ന വിഷയവും കൂടാതെ ഈ ഓഫീസിൽ നിന്നും 20 ശതമാനം തുക ലഭിച്ച 14 പേർക്ക് ബാക്കി അനുവദിക്കേണ്ടുന്ന തുക സംബന്ധിച്ച് ഓരോ വ്യക്തിക്കും നല്കേണ്ട തുക സംബന്ധിച്ച വിവരവും ബഹു.കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

| **നമ്പർ** | **പേര് , വിലാസം** | **വയസ്സ്** | **അനുവദിച്ച തുക (20%)** | **ബാക്കിയുള്ള തുക** |
|---|---|---|---|---|
| 1 | അമ്മിണിക്കുട്ടി പി.വി .,ചാവത്ത് പറമ്പിൽ വീട് , പട്ടാളക്കുന്ന് , | 63 | 207986/- | 831944/- |

| | | | | |
|---|---|---|---|---|
| | മണ്ണുത്തി പി.ഒ, തൃശ്ശൂർ - 680 651 | | | |
| 2 | അമ്മിണി.ടി.ഡി ., W/o കൊച്ചുണ്ണി , കുന്നമ്മത്ത് വീട് , മണ്ണുത്തി പി.ഒ, തൃശ്ശൂർ - 680 651 | 63 | 207720/- | 830880/- |
| 3 | അനിത വി.ജെ , തൈപ്പറമ്പിൽ വീട് , മണ്ണുത്തി പി.ഒ, പട്ടാളക്കുന്ന് , തൃശ്ശൂർ -680 651 | 63 | 196974/- | 787896/- |
| 4 | ഫ്രാൻസീസ് .പി.കെ , പുത്തൂർ വീട് , കാളത്തോട് പി.ഒ, കുന്നത്തുംക്കര, തൃശ്ശൂർ - 680 655 | 63 | 148360/- | 593440/- |
| 5 | മാധവി രാമൻക്കുട്ടി , ചെറുകുളങ്ങര വീട് , എം ബി നഗർ , കാച്ചേരി, കിഴക്കേക്കോട്ട പി ഒ , തൃശ്ശൂർ - 680005 | 63 | 202354/- | 809416/- |
| 6 | മേഴ്സി ലാസർ , ആലപ്പാടൻ വീട് , പുല്ലഴി പി ഒ, ഒളരിക്കര ബണ്ട് റോഡ് , | 63 | 209241/- | 836964/- |

| | | | | |
|---|---|---|---|---|
| | തൃശ്ശൂർ -680 012 | | | |
| 7 | നളിനി ഗോപി , കോഴിപ്പറമ്പിൽ വീട് , നെട്ടിശ്ശേരി പി ഒ, തൃശ്ശൂർ - 680 651 | 63 | 142364/- | 569456/- |
| 8 | നാരായണൻ .സി , ചെറുകുളങ്ങര വീട് , മണ്ണുത്തി പി ഒ , പട്ടാളക്കുന്ന് , തൃശ്ശൂർ - 680 651 | 63 | 121975/- | 487900/- |
| 9 | ഓമന ടി.ജെ , കൊമ്പാറ വീട് , മാടമ്പി ലൈൻ , പൂത്തോൾ , തൃശ്ശൂർ - 680 651 | 63 | 201439/- | 805756/- |
| 10 | രുഗ്മണി, w/o ചന്ദ്രൻ , കുന്നമ്മത്ത് വീട് , പട്ടാളക്കുന്ന് , മണ്ണുത്തി പി ഒ 680 , തൃശ്ശൂർ - 680 651 | 63 | 89541/- | 358164/- |
| 11 | സുഭദ്ര കെ വി , പള്ളിപ്പുറം വീട് , നെല്ലങ്കര , വൈലോപ്പിള്ളി നഗർ , കിഴക്കേക്കോട്ട പി ഒ , സ്ട്രീറ്റ് -3 , തൃശ്ശൂർ - 680 005 | 63 | 92724/- | 370896/- |

| | | | | |
|---|---|---|---|---|
| 12 | ഉണ്ണികൃഷ്ണൻ. എം. കെ , മുളംകുന്നത്ത്ക്കാവ് , മണ്ണുത്തി പി ഒ, മുല്ലക്കര, തൃശ്ശൂർ - 680 651 | 64 | 157847/- | 631388/- |
| 13 | വേണു .കെ.എ, കുറ്റിക്കാട്ട്പ്പറമ്പിൽ വീട് , മണ്ണുത്തി പി ഒ, തൃശ്ശൂർ - 680 651 | 64 | 126720/- | 506880/- |
| 14 | വിലാസിനി , w/o പരമൻ , കുറ്റിച്ചിറ വീട് , പട്ടാളക്കുന്ന് , മണ്ണുത്തി പി ഒ , തൃശ്ശൂർ - 680651 | 63 | 209435/- | 837740/- |

കുറിപ്പ് - 14 പേർക്കുള്ള ആകെ തുക 23,14,680/- ( 20 % അനുവദിച്ചത് ) + 92,58,720/- ( 80 % അനുവദിക്കാനുള്ളത് = **1,1573,400/-**
ശ്രീമതി.വിശാലാക്ഷി.പി.വി എന്നവർക്ക് അനുവദിക്കേണ്ട തുക 4,66,440/- രൂപ (100% )
ആകെ അനുവദിക്കേണ്ട തുക = 92,58,720/- ( 80 % ) + 4,66,440/ (100% ) - = **9725160/-**
തുക അടവാക്കാത്തതിനാൽ തൃശൂർ തഹസിൽദാർ ഓഫീസ് മുഖേനെ റവന്യു റിക്കവറി നടപടികൾ ആരംഭിച്ചിട്ടുള്ളതാണ്

2. **വിഷയം (ഫയൽ നമ്പർ - 2653730-2024)**

തൃശ്ശൂർ കോർപ്പറേഷൻ - TRANCHE – 2 UIDF വായ്പ ഉപയോഗിച്ചു നിർവ്വഹണം നടത്തുവാൻ നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികളുടെ DPR അംഗീകാരം - സംബന്ധിച്ച്

**വിവരണം**

**TRANCHE – 2 – Restoration of Natural water resource by Protecting natural Drain**
UIDF Tranche 2 ൽ Restoration of Natural water resource by Protecting natural Drain എന്ന പ്രോജക്റ്റിൽ ഉൾപ്പെടുത്തുന്നതിനായി **Mannuthy pananchakam Drain and Nettissery madakkathara Drain** പ്രവൃത്തി 14.07.2026 തീയതിയിലെ 74 ആം നമ്പർ കൌൺസിൽ തീരുമാന പ്രകാരം അംഗീകരിച്ചിരുന്നതാണ്. എന്നാൽ പ്രസ്തുത പ്രവർത്തിയുടെ ആകെ അടങ്കൽ തുക 3 കോടി രൂപ മാത്രമായിരുന്നു. 5 കോടി രൂപക്ക് മുകളിൽ അടങ്കൽ തുക വരുന്ന പ്രവർത്തികൾ മാത്രമേ UIDF Tranche 2 ൽ ഉൾപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ എന്നുള്ള വിവരം തദ്ദേശ സ്വയം ഭരണ വകുപ്പ്

പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിൽ നിന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ 5 കോടിക്ക് മുകളിൽ അടങ്കൽ തുക വരുന്ന പ്രവർത്തികൾ ഏറ്റെടുക്കേണ്ട സാഹചര്യമാണുള്ളത്. മേൽ സാഹചര്യത്തിൽ 14.07.2026 തീയതിയിലെ 74 ആം നമ്പർ കൌൺസിൽ തീരുമാന പ്രകാരം അംഗീകരിച്ച താഴെ ക്രമ നമ്പർ (1) പ്രകാരമുള്ള പ്രവർത്തിയുടെ കൂടെ താഴെ ക്രമ നമ്പർ (2) പ്രകാരമുള്ള പ്രവർത്തി കൂടി ഉൾപ്പെടുത്തി പ്രോജക്റ്റ് താഴെ പറയും പ്രകാരം ഭേദഗതി ചെയ്യുന്നതിനുള്ള അനുമതിക്കായി ബഹു.കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

(1)Tents road to Pananchakam Chira along Pipe line road in division 16-(Estimate Amount 1.5 Cr)Vidhya nagar to Madakkathara road Div-16 - (Estimate Amount 1.5 Cr) ആകെ-3 കോടി

(2) South bazaar Vivekanandha road, Vivekanandha to Jubilee nursing college front, Sasthri road, SN road in Div-18-(2Cr)

**ആകെ പ്രൊജക്റ്റ് തുക – 5 കോടി രൂപ**

**TRANCHE – 2 - Parks at various locations**

Tranche 2 ൽ ഉൾപ്പെട്ട 14 പാർക്ക് പ്രവൃത്തികൾ 14.07.2026 തീയതിയിലെ 74 ആം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിരുന്നു. പ്രസ്തുത പ്രവർത്തികളിൽ താഴെ പറയുന്ന സ്ഥലങ്ങൾ അനുയോജ്യമല്ലാത്തതിനാൽ ഒഴിവാക്കുന്നതിനും

| | |
|---|---|
| സിവിൽ സ്റ്റേഷൻ | കളക്ടറെറ്റിന് പുറകുവശത്ത് തിരുവോണത്ത് അമ്പലത്തിന് സമീപമുള്ള കുളം |
| ഡിവി -55 - പുല്ലഴി | 4 സെന്റ് ഒളരി |
| ഡിവി 18 ചേലക്കോട്ടുകര | മുള്ളൻപാറ മുനിസിപ്പൽ കുളം , S N റോഡ് |
| ഡിവി 31 | കൊട്ടക്കുളം നവീകരണം |
| ഡിവി 44 | പുത്തൻവെട്ട് കായൽ |

| | | |
|---|---|---|
| ഡിവി 41 വടൂക്കര | കുന്നത്തുംകുളം | |
| | അയ്യന്തോൾ കാർത്ത്യായനി അമ്പലത്തിന് പിൻവശത്തുള്ള കുളം | |
| | ഒളരിക്കര പാർത്ഥസാരഥി കുളം | |

ആയതിന് പകരം കൌൺസിലർമാർ സമർപ്പിച്ച പ്രൊപോസലുകൾ പരിഗണിച്ച് താഴെ പറയുന്ന ക്രമ നമ്പർ 5,8,9,11,12,13 എന്നിവ പ്രകാരമുള്ള സ്ഥലങ്ങൾ ഉൾപ്പെടുത്തി

അടങ്കൽ തുക 5.31 കോടി രൂപയാക്കി പ്രോജക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള അനുമതിക്കും, അംഗീകാരത്തിനുമായി ബഹു.കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

| Sl No | സ്ഥലം | ഡിവിഷൻ | തുക |
|---|---|---|---|
| 1 | Ayyanthole thuruth road park | Div- 46 | 0.20Cr |
| 2 | Ollukkara Anakulam park | Div-15 | 0.40Cr |
| 3 | Elanjikulam park | Div-14 | 0.35Cr |
| 4 | Nettissery park | Div-12 | 0.20 Cr |
| 5 | Jubilee Nursing collage near water tank park | Div-18 | 0.19Cr, |
| 6 | Kuriyachira contigence quarters park | Div-34 | 0.22Cr, |
| 7 | Chiyyaram municipal staff quarters park | Div-34 | 0.44Cr, |
| 8 | Infront of LBS center park | Div-34 | 0.19Cr, |
| 9 | Vadookkara smashanam road park | Div-41 | 0.207 Cr |
| 10 | Thuruth road padukkad park | Div-4 | 0.20Cr, |
| 11 | Munayam bund Joggers park | Div-33 | 1.993Cr, |
| 12 | Thiruthur temple road park | Div-31 | 0.32Cr, |
| 13 | Akasavani - Padukkad road side | Div-6 | 0.40Cr. |

| | | | |
|---|---|---|---|
| | park | | |
| | **Total** | | **5.31 Cr.** |

ശരിപകർപ്പ്
സെക്രട്ടറി

കൗൺസിൽ സെക്രട്ടറി
തൃശൂർ കോർപ്പറേഷൻ

CORPORATION OFFICE ★ THRISSUR ★